# കേരള സർവകലാശാല

നം. പി.ആർ.008/2015 ഫോൺ : 2305738

## പത്രക്കുറിപ്പ്

## മാർക്ക്‌ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റിൽ നടത്തിയ എം.എ ഹിന്ദി (പ്രീവിയസ് ആൻഡ് ഫൈനൽ) പരീക്ഷയുടെ മാർക്ക്‌ലിസ്റ്റുകൾ ഫെബ്രുവരി 10, 11, 12 തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്നും ഹാൾടിക്കറ്റും ഡിഗ്രി സർട്ടിഫിക്കറ്റിന്റെ പകർപ്പും സഹിതം വന്ന് കൈപ്പറ്റണം.

## ഡിഗ്രി സൂക്ഷ്മപരിശോധന

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എ/ ബി.കോം/ ബി.ബി.എ/ എൽ.എൽ.ബി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധയ്ക്കായി അപേക്ഷിച്ചവർ ഹാൾടിക്കറ്റ്, ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് സഹിതം പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഫെബ്രുവരി 10 മുതൽ 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ നാല് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

## ദേശീയ സെമിനാർ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം ഫെബ്രുവരി 11, 12 തീയതികളിൽ റിഫൈനിംഗ് ആൻഡ് റീഡിഫൈനിംഗ് കൗൺസലിംഗ്: ടുവേർഡ്സ് പാരഡിംസ് എന്ന വിഷയത്തിൽ പാളയം സെനറ്റ് ചേംബറിൽ നടത്തുന്ന ദേശീയ സെമിനാർ ചീഫ് സെക്രട്ടറി ശ്രീ. ജിജി തോംസൺ ഐ.എ.എസ് ഉദ്ഘാടനം ചെയ്യും. പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ ആദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ ഡോ. അലക്സാണ്ടർ ജേക്കബ് ഐ.എ.എസ് മുഖ്യപ്രഭാഷണം നടത്തും. സിൻഡിക്കേറ്റംഗങ്ങളായ ഡോ. റോസമ്മ ഫിലിപ്, ഡോ. ആർ ഗിരീഷ്കുമാർ തുടങ്ങിയവർ പങ്കെടുക്കും. ഫെബ്രുവരി 12-ന് നടക്കുന്ന സമാപനസമ്മേളനം ഡോ. ശശി തരൂർ എം.പി ഉദ്ഘാടനം നിർവ്വഹിക്കും. സിൻഡിക്കേറ്റംഗം ശ്രീ കടകംപള്ളി സുരേന്ദ്രൻ അദ്ധ്യക്ഷം വഹിക്കുന്ന ചടങ്ങിൽ ഡി.ജി.പി ഋഷിരാജ് സിംഗ് വിശിഷ്ടാതിഥിയായിരിക്കും. സിൻഡിക്കേറ്റംഗം ഡോ. കെ.അനിൽകുമാർ സംസാരിക്കും.

## വിദ്യാർത്ഥികളുടെ സുരക്ഷ : യു.ജി.സി മാർഗ്ഗ നിർദ്ദേശങ്ങൾ

ഹയർ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകളിലെ ഓൺ/ഓഫ് കാമ്പസുകളിൽ വിദ്യാർത്ഥികളുടെ സുരക്ഷയെ സംബന്ധിച്ച യു.ജി.സിയുടെ മാർഗ്ഗ നിർദ്ദേശങ്ങളും സർവകലാശാല ഉത്തരവും വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

## ദ്വിദിന സെമിനാർ

കേരള സർവകലാശാല കാര്യവട്ടം കൊമേഴ്സ് പഠനവകുപ്പിന്റെ ആഭിമുഖ്യത്തിൽ എമർജിംഗ് ബിസിനസ് ഓപ്പർച്യൂണിറ്റീസ് - ഗ്ലോബൽ മാർക്കറ്റ്സ് ആൻഡ് ദി ഇൻഡ്യൻ പൊട്ടൻഷ്യൽ എന്ന വിഷയത്തിൽ ദ്വിദിന ദേശീയ സെമിനാർ ഫെബ്രുവരി 24, 25 തീയതികളിൽ പാളയം സെനറ്റ്

ചേംബറിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) What's New എന്ന ലിങ്കിൽ ലഭിക്കും.

(ഒപ്പ്)

**സർവകലാശാല മന്ദിരം,** **ഡോ. ലാൽ സി.എ.**

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

09.02.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ